**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2202** **13-6-2019 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എം. സ്വരാജ്**<br>**" ബി.ഡി. ദേവസ്സി**<br>**" ബി. സത്യൻ**<br>**ശ്രീമതി. പി. അയിഷാ പോറ്റി:** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലും 14 പുതിയ ഇൻസ്പെക്ടറാഫീസുകൾ ആരംഭിക്കുകയും 14 ഇൻസ്പെക്ടർ തസ്തികകൾ ഉൾപ്പെടെ 63 സ്ഥിരം തസ്തികകളും, 42 ദിവസവേതന തസ്തികകളും സൃഷ്ടിക്കുകയും ചെയ്തു. വകുപ്പിൽ ഇന്റേണൽ ആഡിറ്റ് വിംഗും ഐ.റ്റി സെല്ലും രൂപീകരിച്ചു. 14 പുതിയ വാഹനങ്ങൾ അനുവദിക്കുകയും വകുപ്പിന്റെ 41 വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. തിരുവനന്തപുരം പട്ടത്ത് വകുപ്പിന്റെ ആസ്ഥാന മന്ദിരവും ലബോറട്ടറി കോംപ്ലക്സും, കൊല്ലത്ത് ജില്ലാ ഓഫീസ് കെട്ടിടവും നിർമ്മാണം പൂർത്തിയായി വരുന്നു. |
| (ബി) വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) ലീഗൽ മെട്രോളജി വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 14 പുതിയ വാഹനങ്ങൾ അനുവദിച്ചു. വകുപ്പിന്റെ 41 വാഹനങ്ങളിലും ജി.പി.എസ് സംവിധാനം ഏർപ്പെടുത്തി. ഉപഭോക്താക്കൾക്ക് വകുപ്പിന്റെ സേവനങ്ങളെ സംബന്ധിച്ച സംശയ ദൂരീകരണത്തിനും, പരാതികൾ നൽകുന്നതിനുമായി ടോൾ ഫ്രീ നമ്പർ, കാൾസെന്റർ, 'സുതാര്യം' മൊബൈൽ ആപ്പ് എന്നിവയും, പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലും ഇൻസ്പെക്ടറാഫീസുകളും ആരംഭിച്ചു. |
| (സി) വകുപ്പിന്റെ വിവിധ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അതുവഴി അഴിമതിയും കാലതാമസവും ഒഴിവാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള | (സി) വകുപ്പിന്റെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ നിന്നും നൽകി വരുന്ന പായ്ക്കർ/ഇംപോർട്ടർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, അളവ്തൂക്ക |

നടപടികൾ വിശദമാക്കുമോ;

ഉപകരണങ്ങളുടെ നിർമ്മാണ, വിതരണ, റിപ്പയർ ലൈസൻസുകൾ എന്നിവ പൂർണ്ണമായും ഓൺലൈനിലൂടെ നൽകുന്ന ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെൻറ് സിസ്റ്റം (LMOMS) എന്ന പോർട്ടൽ സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്. 01/12/2018 മുതൽ ടി സർട്ടിഫിക്കറ്റുകൾ പൂർണ്ണമായും ഓൺലൈനായിട്ടാണ് നൽകി വരുന്നത്. ഇതിലൂടെ ടി സേവനങ്ങൾ കാലതാമസം കൂടാതെ നൽകുന്നതിനും, വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ഡി) പൊതുജനങ്ങൾക്ക് വകുപ്പിനെ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും പരാതികൾ നൽകുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ഡി) പരാതികൾ നൽകുന്നതിനായി 'സുതാര്യം' എന്ന മൊബൈൽ ആപ്ലിക്കേഷൻ, കാൾ സെന്റർ, ജി.പി.എസ് അധിഷ്ഠിത വാഹനങ്ങൾ എന്നിവ നിലവിലുണ്ട്. കൂടാതെ വെബ്സൈറ്റ് (lmd.kerala.gov.in) ഇ-മെയിൽ (clm.lmd@kerala.gov.in) ടെലിഫോൺ എന്നിവ മുഖേനയും പൊതുജനങ്ങൾക്ക് പരാതികൾ നൽകാവുന്നതാണ്. ടി പരാതികൾ വേഗത്തിൽ പരിഹരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. കൂടാതെ നവ മാധ്യമങ്ങളായ ഫെയ്സ്ബുക്ക്, ട്വിറ്റർ എന്നിവയിൽ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് വിവരങ്ങൾ നൽകിയിട്ടുണ്ട്.

FaceBook ID:-

Department of Legal Metrology@clmkerala

facebook.com/clmkerala

Twitter ID:-

Legal metrology, Kerala@CMetrology

0471-155300/9400198198 എന്നിവയാണ് കോൾ സെന്ററിൽ ബന്ധപ്പെടാനുള്ള നമ്പറുകൾ.

സെക്ഷൻ ഓഫീസർ